അപേക്ഷ സമർപ്പിച്ചത്. ഒട്ടും കാലതാമസം വരുത്താതെ ബോർഡ് അതിൻമേൽ നിലപാട് സമർപ്പിച്ചിട്ടുള്ളതാണ്. എല്ലാ വസ്തുതകളും പരിശോധിച്ച് റഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കേണ്ട വിഷയമാണ്.

(5) വടകര സ്വദേശി ഇബ്രാഹിം എന്ന ആളിനെ പാകിസ്ഥാനിലേയ്ക്ക് അയയ്ക്കാൻ ശ്രമിച്ചത് സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്ത് ചല്ലിക്കുളത്ത് ആയിശുവിന്റെ മകൻ ഇബ്രാഹിമിന്റെ പൗരത്വ പ്രശ്നം കേരളീയരുടെ മനസ്സ് അലിയിച്ച ഒരു കാര്യമാണ്. 1950-ൽ ജനിച്ച ഈയാളെ 1969-ൽ വിസയുടെ ഏർപ്പാട് വരുന്നതിനുമുമ്പ് ദുബായിലേയ്ക്കാണെന്ന് പറഞ്ഞ് കറാച്ചിയിൽ കൊണ്ടിറക്കി. എട്ടൊൻപത് വർഷക്കാലം അവിടെ പണിയെടുത്തിനുശേഷം ഇൻഡ്യയിലേയ്ക്ക് തിരിച്ചുവന്നു. 26 കൊല്ലമായി വടകരയിൽ മത്സ്യം വാങ്ങി വിറ്റ് ജീവിക്കുന്ന ആളാണ്. തെരുവ് പട്ടികൾക്ക് സംരക്ഷണം കൊടുക്കാൻവേണ്ടി നിയമമുള്ള ഒരു രാജ്യമാണ് ഇൻഡ്യ. അതിന് വ്യഗ്രത കാണിക്കുന്ന മന്ത്രിമാരുള്ള ഈ രാജ്യത്ത് ഒരു സാധാരണ പൗരന് മനുഷ്യാവകാശപരമായ അവകാശങ്ങൾ ഇല്ലാതെ വിസ തീർന്നുപോയി എന്നു പറഞ്ഞ് പോലീസ് അയാളെ പിടിച്ച് ഇൻഡ്യൻ അതിർത്തിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ പാകിസ്ഥാൻകാർ സ്വീകരിക്കാത്തതുകൊണ്ടുമാത്രം അയാൾ തിരിച്ചുവന്നു. ജയിലിൽ കിടന്നതിനുശേഷം ഇപ്പോൾ അയാൾ ജാമ്യത്തിൽ നിൽക്കുകയാണ്. ജസ്റ്റിസ് രാധാകൃഷ്ണ മേനോന്റെ വിധിയിലും അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 15-ാം വകുപ്പ് പ്രകാരവും ഭൂമിയിലെ ഒരോ വ്യക്തിക്കും പൗരത്വത്തിന് അവകാശമുണ്ടെന്ന് അനുശാസിക്കുന്നുണ്ട്. അതിൽ ഇൻഡ്യയും ഒപ്പുവച്ചിട്ടുണ്ട്. ഇൻഡ്യയുടെ പൗരത്വ നിയമമനുസരിച്ച് മറ്റ് അയോഗ്യതകൾ ഇല്ലെങ്കിൽ അഞ്ചു വർഷം ഇവിടെ സ്ഥിരതാമസം നടത്തിയിട്ടുള്ള ഏതൊരാൾക്കും ഇൻഡ്യയിൽ പൗരത്വത്തിന് അവകാശമുണ്ട്. ഒരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്, കേന്ദ്ര സർക്കാർ 11-7-1998-ൽ കേരള ചീഫ് സെക്രട്ടറിക്ക് അയച്ചിട്ടുള്ള ഒരു കത്തിൽ പൗരത്വ നിയമത്തിന്റെ അഞ്ചാം വകുപ്പ് അനുസരിച്ച് ജന്മനാ ഇൻഡ്യക്കാരായ പാകിസ്ഥാൻ പ്രവാസികൾക്ക് സ്ഥിരതാമസാനുമതി നൽകാൻ കേരള സർക്കാർ ശുപാർശ അയച്ചാൽ പരിഗണിക്കാമെന്നുള്ള ഒരു സന്ദേശം ഇങ്ങോട്ട് അയച്ചിട്ടുണ്ട്. പാർലമെന്റിൽ എം. പി.-മാർ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ കേരള ഗവൺമെന്റ് ഇവരുടെ പൗരത്വപ്രശ്നം സംബന്ധിച്ച് ശരിയായ രൂപത്തിൽ ശുപാർശ അയച്ചാൽ കൊടുക്കാൻ സന്നദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നാനൂറു പേരോളമുണ്ട്. നാദാപുരത്ത് കാൽ മുറിച്ച 78 വയസ്സുള്ള ഒരു അബൂബക്കർ. ഇയാൾ എങ്ങോട്ട് പോകും? ഇതിനുമുമ്പ് ഈ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മഞ്ഞളാംകുഴി എം. എൽ. എ.-യുടെ നിവേദനത്തിന്റെ മറുപടിയായും സർവ്വകക്ഷി യോഗം വിളിച്ച് മനുഷ്യത്വപരമായി ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളതാണ്. അടിയന്തിരമായി കേരളത്തിലെ ആഭ്യന്തര വകുപ്പ് ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് സന്ദേശം അയയ്ക്കുകയും നിരാലംബരായ 400-ഓളം വരുന്ന ആളുകൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച 1998-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിട്ടിയ കേന്ദ്ര ഗവൺമെന്റിന്റെ കത്ത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഞാൻ അത് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെചൂണ്ടിക്കാണിച്ച ഇബ്രാഹിമിന്റെ കാര്യം ഒരു മാനുഷിക പ്രശ്നംതന്നെയാണ്. കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത ഡിസിഷൻ എന്നു പറയുന്നത്, നിയമാനുസൃതം ആവശ്യമായ രേഖകളോടുകൂടി സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം അപേക്ഷ സമർപ്പിക്കാൻ ഇതുവരെ ഇബ്രാഹിം തയ്യാറാകാത്ത സാഹചര്യത്തിലാണ് ഇബ്രാഹിമിനെ ഇവിടുന്ന് നാടു കടത്തുന്ന സാഹചര്യത്തിലേയ്ക്ക് നീങ്ങിയത്. പക്ഷേ പാകിസ്ഥാൻ ഗവൺമെന്റ് സ്വീകരിച്ചില്ല. അതിന്റെ ഫലമായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങൾ ഉണ്ടായി. ഗവൺമെന്റിനെ സംബന്ധിച്ചുള്ള പൊതു നിലപാട് ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ജനിച്ച് പാകിസ്ഥാനിലേക്ക് ജോലി തേടിപ്പോയി മടങ്ങിവന്ന പാക് പൗരൻമാരിൽ മിക്കവരും പ്രായം ചെന്നവരും രോഗികളുമാണ്. മാനുഷിക പരിഗണന നൽകി അവർക്ക് സ്വന്തം നാട്ടിൽ താമസിക്കാനുള്ള അനുവാദം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: ഇന്നലെ ഞാൻ ആ വീട്ടിൽ ചെന്നപ്പോൾ പ്രത്യേക അപേക്ഷ കൊടുക്കണമെന്നാണ് പറഞ്ഞത്. അത് ശരിയാണോ?

ശ്രീ. എ. കെ. ആന്റണി: ഓരോരുത്തരും പ്രത്യേക അപേക്ഷ തരണം. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിന് ശുപാർശ കൊടുക്കണം. തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിൽ ജനിച്ച് പാകിസ്ഥാനിലേക്ക് തൊഴിൽ തേടിപ്പോയി മടങ്ങി വന്നിട്ടുള്ള എല്ലാ കേരളീയർക്കും സ്വന്തം നാട്ടിൽ കഴിയാനുള്ള സാഹചര്യം ഉണ്ടാകണമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ഈ വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(6) മാള നിയോജക മണ്ഡലത്തിലെ കല്ലേറ്റുംകരയിലെ റെയിൽവേ മേൽപ്പാലത്തിന്റെ പണി

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഒരുപാട് പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കല്ലേറ്റുംകരയിൽ ബ്രിഡ്ജസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ പണിതുകൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ പണി രണ്ടുഭാഗവും യോജിക്കാതെ അങ്ങനെ നിൽക്കുകയാണ്. റെയിലുമായിട്ടുള്ള ക്രോസ്സിംഗ് കൂട്ടി യോജിപ്പിക്കാനുള്ള പണി മാത്രം ബാക്കി നിൽക്കുകയാണ്. ഇത് വളരെ നാളുകളായി സ്തംഭനാവസ്ഥയിലാണ്. എന്റെ നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന ചാലക്കുടി പാലം, തൃശ്ശൂരിലെ പാമ്പു ഓവർബ്രിഡ്ജ് ഇവയുടെ പണിയും സ്തംഭനാവസ്ഥയിൽ നിൽക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, തൃശ്ശൂർ ജില്ലയിലെ മാള നിയോജക മണ്ഡലത്തിൽ കല്ലേറ്റുംകരയിൽ പണിതുകൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി മിക്കവാറും പൂർത്തീകരിച്ചു കഴിഞ്ഞു. റെയിൽവേ ട്രാക്കിന് മുകളിലുള്ള പണി ചെയ്യുന്നതിന് റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിച്ചിട്ടില്ല. തന്മൂലം പണി തടസ്സപ്പെട്ടിരിക്കുകയാണ്. ഉടൻതന്നെ അനുമതി നൽകുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly